"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല - തുമ്പമൺ ഗ്രാമപഞ്ചായത്ത് - വാർഡ് 10 - ചെറുകുന്ന് പട്ടികജാതി നഗറിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.47/2025/LSGD   തീയതി,തിരുവനന്തപുരം, 11-03-2025

---

പരാമർശം:-

1. തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 19.11.2024 ലെ പി 24-25 നമ്പർ കത്ത്
2. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.11.2024 ലെ കത്ത്
3. 30.01.2025 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം ഖണ്ഡിക 4.2

**ഉത്തരവ്**

തുമ്പമൺ ഗ്രാമപഞ്ചായത്ത് പരിധിയിലെ 10ാം വാർഡിൽ ചെറുകുന്ന് പട്ടികജാതി നഗറിൽ അഞ്ചു പട്ടികജാതി വിഭാഗക്കാരും പൊതുവിഭാഗത്തിൽപ്പെട്ട ഒരു കുടുംബവും താമസിക്കുന്നുണ്ട് എന്നും ടി പ്രദേശത്ത് ഒരു വശത്ത് നെൽവയലും മറുഭാഗത്ത് ഉയർന്ന പ്രദേശവുമായതിനാൽ മഴ പെയ്യുന്ന സമയത്ത് ഉയർന്ന പ്രദേശത്തു നിന്ന് മണ്ണിടിയുന്ന സാഹചര്യമുണ്ട് എന്നും ടി കുടുംബങ്ങൾക്ക് സ്വന്തമായി പാർശ്വഭിത്തി നിർമ്മിക്കുവാൻ ബുദ്ധിമുട്ടുള്ളതിനാൽ ഇവരുടെ സുരക്ഷിതത്വത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് പാർശ്വഭിത്തി നിർമ്മിക്കാൻ അനുമതി നൽകണമെന്നും പരാമർശം (1), (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടിപ്രവൃത്തി ചെയ്യുന്നതിന് എസ്.സി.പി ഫണ്ട് ഉപയോഗിക്കാൻ പട്ടികജാതി വികസന ഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം ചേർന്നവികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. പട്ടികജാതി നഗർ ആണ് എന്നതു പരിഗണിച്ച് ടി പട്ടികജാതി നഗറിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് സെക്രട്ടറി/പ്രസിഡണ്ട്, തുമ്പമൺ ഗ്രാമപഞ്ചായത്ത്

ജില്ലാ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡണ്ട്, പത്തനംതിട്ട ജില്ല

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട ജില്ല
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട ജില്ല
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ജില്ലാ പട്ടികജാതി വികസന ഓഫീസർ, പത്തനംതിട്ട ജില്ല
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by ഉത്തരവിൻ പ്രകാരം
Viraj K
Date: 11-03-2025 12:10:48 സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്